# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5587 06/07/2012-ൽ മറുപടിക്ക്

## വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>,, കെ.എൻ.എ. ഖാദർ<br>,, പി. ഉബൈദുള്ള<br>,, സി. മമ്മൂട്ടി | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ വികസനത്തിനായി നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം നൽകുമോ; | എ | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം, ആരോഗ്യപരിരക്ഷ, തൊഴിൽ തുടങ്ങിയ കാര്യങ്ങൾക്കായി വനം വകുപ്പിന്റെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2005 ഡിസംബർ 13 വരെ ഭൂമിയിൽ കൈവശാവകാശമുള്ളവരോ അതിനുമുൻപ് നിയമവിരുദ്ധമായി ഒഴിപ്പിക്കപ്പെട്ടിട്ടുള്ളവരോ ആയ പട്ടികവർഗ്ഗക്കാർക്ക് ഭൂമിയ്ക്ക് കൈവശാവകാശ രേഖകൾ നൽകി വരുന്നു. |
| ബി | ഈ പദ്ധതികളുടെ നടത്തിപ്പ ചുമതല നൽകിയിട്ടുള്ളത് ഏതൊക്കെ വകുപ്പു കൾക്കാണ്; | ബി | വനത്തിനുള്ളിൽ പട്ടികവർഗ്ഗക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രധാനമായും വനം വകുപ്പ്, വൈദ്യുതി വകുപ്പ് എന്നിവയുമായി ചേർന്ന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| സി | ഈ പദ്ധതികൾക്കുള്ള ഫണ്ടിന്റെ വിനിയോഗവും, പ്രവർത്തനനേട്ടവും വിലയിരുത്തുന്നതിനുള്ള സംവിധാന മെന്താണ്; | സി | ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ്, പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരുടെ മാസന്തോറുമുള്ള പദ്ധതി അവലോകന മീറ്റിംഗ്, വീഡിയോ കോൺഫറൻസിംഗ് എന്നിവ വഴി പ്രസ്തുത പദ്ധതികളുടെ വിനിയോഗവും പ്രവർത്തന നേട്ടവും സമയബന്ധിതമായി വിലയിരുത്തിവരുന്നു. |

| | | | |
|---|---|---|---|
| ഡി | ഏറ്റവും ഒടുവിലെ വിലയിരുത്തലിൽ (2010-11) പ്രവർത്തനമാന്ദ്യമുണ്ടായതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ? | ഡി | വനം വകുപ്പിന്റെ കർശന നിയന്ത്രണത്തിലൂടെ വനം വകുപ്പ് തയ്യാറാക്കുന്ന വിവിധ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രസ്തുത പദ്ധതിയ്ക്ക് തുക നൽകി വരുന്നത്. 2010-2011 വർഷം അനുയോജ്യമായ പ്രൊപ്പോസലുകൾ വനം വകുപ്പിൽ നിന്നും ലഭ്യമാകാത്തതുകൊണ്ടാണ് പ്രവർത്തന മാന്ദ്യം സംഭവിച്ചിട്ടുള്ളത്. എങ്കിൽ തന്നെയും ബാക്കി തുക ലാപ്സാകാതെ പട്ടികവർഗ്ഗക്കാർക്ക് തന്നെ അനുയോജ്യമായ മറ്റ് പദ്ധതികളിലായി ധനപുനർവിനിയോഗം വഴി ടി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ